Week- 1

# Weekly Thoughts of December-2015

# A curse turned in to blessing

## (അനുഗ്രഹമായി മാറിയ ശാപം)



3rd December ലോക വികലാംഗദിനമായി കണക്കാക്കുമ്പോൾ N.H.D.C അവരുടെ ഉന്നമനത്തിനായി വേണ്ട ധനസഹായം ചെയ്യുന്നുണ്ട്. '2020' ആകുമ്പോഴേക്കും വൈജ്ഞാനികമായും , കായികമായും അവരെ ഉയർത്തുവാൻ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. '2015' ന്റെ theme തന്നെ 'Access and Empowerment of disabled people of all abilities' എന്നാണ്. വൈവിദ്ധ്യമാർന്ന കഴിവുകൾ കണ്ടെത്തുവാനും , നിലനിർത്തുവാനും നമ്മുടെ സ്നേഹവും കരുതലുമാണ് പ്രഖ്യാപനങ്ങളേക്കാൾ ആവശ്യം.

ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കുകയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ

പ്രദർശിപ്പിക്കുന്നു. ക്രിസ്തു കാണിച്ച ഈ ദയ നാം മറ്റുള്ളവരോട് പ്രത്യേകിച്ച് ബലഹീനരോട് കാണിക്കേണ്ടതാണെന്ന് സത്യവചനം നമ്മെ പഠിപ്പിക്കുന്നു. 'ഞാൻ ദൈവത്തിന്റെ ദയ കാണിക്കേണ്ടതിന് ശൗലിന്റെ കുടുംബത്തിൽ ആരെങ്കിലുമുണ്ടോ?'' (2 ശമു:9:3)എന്ന ദാവീദ് രാജാവിന്റെ ചോദ്യം ഇതിന് ഉദാഹരണമാണ്. തന്റെ സുഹൃത്തും ശൗലിന്റെ മകനുമായ യോനാഥാനോട് ദാവീദ് ചെയ്ത ഉടമ്പടി അനുസരിച്ചാണ് ഈ ചോദ്യം ചോദിച്ചത്. (1 ശമു:20:14-16). ലോദേബാരിൽ (മേച്ചിൽ ഇല്ലാത്ത സ്ഥലം) ഇപ്പോൾ പാർക്കുന്ന  മെഫീബോശേത്ത് (യോനാഥാന്റെ മകൻ) ജന്മനാ കുഴപ്പമില്ലാത്തവനായിരുന്നു. അവന് അഞ്ചു വയസ്സുള്ളപ്പോൾ അഭിഷേകം നഷ്ടപ്പെടുത്തിയ ശൗലും, മകൻ യോനാഥാനും യുദ്ധത്തിൽ കൊല്ലപ്പെട്ടു. ആ കാലത്ത് ഒരു ഭരണകർത്താവ് കൊല്ലപ്പെട്ടാൽ അനന്തരാവകാശികൾ ഉണ്ടാകാതിരിപ്പാൻ , ആ കുടുംബം മുഴുവനേയും വധിക്കുക പതിവായിരുന്നു. അതിനാലാകാം മെഫീബോശേത്തിന്റെ ധാത്രി അവനുമായി ശത്രു കാണാതെ ഓടിയതും വീഴ്ച സംഭവിച്ചതും. അങ്ങനെ തന്റേതല്ലാത്ത കാരണത്താലുണ്ടായ വീഴ്ചമൂലം അവൻ മുടന്തനായിത്തീർന്നു. എന്നാൽ യഹോവയുടെ ദയ രാജാവ് കാണിച്ചപ്പോൾ അപ്പന്റെ അവകാശം മകന് ലഭിക്കുക മാത്രമല്ല , രാജാവിന്റെ മേശയിങ്കൽ നിന്ന് ഭക്ഷിപ്പാനുള്ള അനുവാദവും ലഭിച്ചു.

## "God pours His grace out on those who accept His gift"

ആധുനീക തലമുറയിലെ പലരും ഇന്ന് പാർക്കുന്നത് മേച്ചൽ ഇല്ലാത്തിടത്താണ്, അതിനു കാരണം രക്ഷകർത്താക്കൾ ആണ്. അങ്ങനെ കുഞ്ഞുങ്ങൾ തങ്ങളുടേതല്ലാത്ത കാരണത്താൽ ആത്മീയമുടന്തുള്ളവർ ആകുന്നു.

“The blessings of the children linked to the obedience of the parents . Read- (Exodus 20:5)

(..........GOD , punishing the children for the sin of the fathers to the third and fourth generation...)

“എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ പൊട്ടക്കിണറുകളെത്തന്നെ കുഴിച്ചിരിക്കുന്നു. (യിരെ:2:13)

ഏത് വലിയ പാപിയേയും രക്ഷിപ്പാൻ കാൽവറിയിൽ യാഗമായ കർത്താവ്, അവനിൽ നിന്നകന്ന ജനത്തെ രാജാധിരാജന്റെ മേശയിങ്കലേക്ക് ക്ഷണിക്കുന്നു. അവിടെ എത്തുന്നവന്റെ ആത്മീയമുടന്ത് ആരും കാണുന്നില്ല. കാരണം രാജാവിന്റെ മേശ നിന്റെ കുറവ് പരിഹരിക്കുന്നു. പക്ഷേ നാം അവന്റെ അടുക്കൽ ചെല്ലണം. നയമാന്റെ വീട്ടിലെ അടിമ പെൺകുട്ടിയുടെ വാക്ക് ശ്രദ്ധിക്കുക. “യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്ന് ചെന്നെങ്കിൽ” (2രാജ:5:8). ചെല്ലുക മാത്രമല്ല പറഞ്ഞത് അനുസരിക്കുകയും ചെയ്താൽ നിന്റെയും കുറവുകൾ മാറി ദേഹം ചെറിയ ബാലന്റെ ദേഹം പോലെ ആയിത്തീരും. വർഷം ഒന്നുകൂടി കഴിയുന്നു. തീരുമാനം ഇനി നീട്ടി വയ്ക്കരുതേ.

## <u>പ്രാർത്ഥന</u>

സ്വന്തപുത്രനെ ആദരിക്കാതെ ഞങ്ങളെ ആത്മീയ സ്വതന്ത്രരാക്കുവാൻ, കാൽവറിയിൽ യാഗമാക്കിയ ദൈവമേ അവനോടുകൂടെ സകലനന്മകളും ഞങ്ങൾക്ക് തന്നതിനായി സ്തോത്രം.കൃപയാൽ നടത്തേണമേ.

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind